SUPRABHATHAM - 30-04-2025

# എപികൃൂർ ഇന്നൊവേറ്റീവ് എൽ.എൽ.പി മികച്ച ഫിഷറീസ് സ്റ്റാർട്ടപ്പ്

**കൊച്ചി** ▸ കോസ്റ്റൽ സ്റ്റേറ്റ്സ് ഫിഷറീസ് മീറ്റിൽ മികച്ച ഫിഷറീസ് സ്റ്റാർട്ടപ്പായി ഐ.സി.എ.ആർ സിഫ്റ്റിലെ അഗ്രിബിസിനസ് ഇൻകുബേഷൻ സെന്ററിൽ നിന്നുള്ള സംരംഭമായ എപികൃൂർ ഇന്നൊവേറ്റീവ് എൽ.എൽ.പി തിരഞ്ഞെടുത്തു.

സിഫ്റ്റിന്റെ സാങ്കേതിക പിന്തുണയോടെ 2022ൽ സ്ഥാപിതമായ ഫുഡ് പ്രോസസിങ് കമ്പനിയായ എപികൃൂർ ഇന്നൊവേറ്റീവ് എൽ.എൽ.പി സമുദ്രോത്പന്ന വ്യവസായത്തിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്നു. സിഫ്റ്റിന്റെ സാങ്കേതിക മാർഗനിർദ്ദേശത്തോടെ, രാജ്യത്തിലെ ആദ്യത്തെ വാക്വം സ്കിൻ പാക്കേജിംഗ് സാങ്കേതികവിദ്യ എപികൃൂർ അവതരിപ്പിച്ചു.

കേരളത്തിൽ പ്രവർത്തനം ആരംഭിച്ച എപികൃൂർ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലേക്ക് അതിവേഗം വ്യാപിച്ചു.